പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1659 05/12/2014-ൽ മറുപടിയ്ക്ക്

# തരിശുഭൂമി കണ്ടെത്തി മാതൃകാ ജൈവ കൃഷി തോട്ടങ്ങൾ ആരംഭിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കൃഷി ഭവനുകളുടെ ആഭിമുഖ്യത്തിൽ തരിശുഭൂമി കണ്ടെത്തി മാതൃകാ ജൈവകൃഷി തോട്ടങ്ങൾ ആരംഭിക്കാനുളള നിർദ്ദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തരിശുഭൂമിയിൽ ജൈവകൃഷി പ്രോത്സാഹനം കൃഷി ഭവനുകളിലൂടെ നടപ്പിലാക്കാവുന്നതാണ്. 50 സെന്റ് മുതൽ ഒരു ഏക്കർ വരെയുളള കൃഷിയിടത്തിൽ വിവിധതരം കാർഷിക പുഷ്പവിളകളോടൊപ്പം മൂന്നോ അതിലധികമോ കാർഷികേതര മേഖലകൾ സംയോജിപ്പിച്ചു കൊണ്ട് പുതിയ ചെറുകിട മാതൃകാ കൃഷിത്തോട്ടങ്ങൾ സജ്ജീകരിക്കുന്ന സംരംഭകർക്ക് പ്രോത്സാഹനം എന്നതിലേയ്ക്ക് 10,000/- രൂപ ധനസഹായം നൽകുന്നതാണ് പദ്ധതി. |
| ബി) മാതൃകാ ജൈവ കൃഷി തോട്ടങ്ങൾ രൂപപ്പെടുത്തുന്നതിന് കൃഷി ഭവനുകൾക്ക് നിശ്ചിത ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം സഹിതം വ്യക്തമാക്കുമോ? | ബി) മാതൃകാ ജൈവകൃഷിത്തോട്ടങ്ങൾ രൂപപ്പെടുത്തുന്നതിന് കൃഷി ഭവനുകൾക്ക് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കപ്പെട്ട 2,59,880/- രൂപ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് അലോട്ട് ചെയ്യുന്നതിനുളള നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**